ഫോൺ ബില്ല് 15 ന് അടയ്ക്കണം

തിരുവനന്തപുരം : ഡിസംബർ മാസത്തെ ലാൻഡ് ലൈൻ ബില്ലുകൾ 15 നകം അടയ്ക്കണമെന്ന് ജില്ലാപ്രിൻസിപ്പൽ ജനറൽ മാനേജർ അറിയിച്ചു. കസ്റ്റമർ സർവീസ് സെന്റർ, പോസ്റ്റ് ഓഫീസ് എന്നിവിടങ്ങളിലും ബി.എസ്.എൻ.എൽ ഓൺലൈൻ പോർട്ടൽ, മൊബൈൽ ആപ് എന്നിവിടങ്ങളിലും ബില്ലുകൾ അടയ്ക്കാം.

ഫെറ്റോ സെക്രട്ടേറിയറ്റ് ധർണ നടത്തി

തിരുവനന്തപുരം : സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും പെൻഷൻ പ്രായം 60 ആക്കി ഉയർത്തണമെന്ന് ആവശ്യപ്പെട്ട് ഫെറ്റോ സെക്രട്ടേറിയറ്റ് ധർണ നടത്തി. സംസ്ഥാന പ്രസിഡന്റ് പി.എസ്. ഗോപകുമാർ ഉദ്ഘാടനം ചെയ്തു.

സംസ്ഥാന ജനറൽ സെക്രട്ടറി പി. സുനിൽകുമാർ, വൈസ് പ്രസിഡന്റ് കെ. ആർ. മോഹനൻ നായർ, എൻ. ജി.ഒ സംഘ് ജനറൽ സെക്രട്ടറി എസ്. കെ. ജയകുമാർ, ഗസറ്റഡ് ഓഫീസേഴ്സ് സംഘ് സംസ്ഥാന പ്രസിഡന്റ് ബി. ജയപ്രകാശ്, ദേശീയ അദ്ധ്യാപക പരിഷത് സംസ്ഥാന വൈസ് പ്രസിഡന്റ് എം. ശിവദാസ്, ഫെറ്റോ ട്രഷറർ കെ.പി. രാജേന്ദ്രൻ, മുനിസിപ്പൽ കോർപറേഷൻ സംഘ് ജനറൽ സെക്രട്ടറി പി.കെ. സാബു എന്നിവർ സംസാരിച്ചു.

നാഷണൽ ആർട്ട് ക്യാമ്പ് 15 മുതൽ 22 വരെ

തിരുവനന്തപുരം : കേരള ലളിതകല അക്കാഡമി തിരുവനന്തപുരം ഫൈൻ ആർട്സ് കോളേജുമായി സഹകരിച്ച് ദേശീയ കലാക്യാമ്പ് സംഘടിപ്പിക്കും. ഓഖി ദുരന്തത്തിൽ ജീവൻ നഷ്ടപ്പെട്ടവർക്കും കാണാതായവർക്കും ഐക്യദാർഢ്യം പ്രകടിപ്പിച്ച് 'അഖി' എന്ന് പേരിട്ടിരിക്കുന്ന ക്യാമ്പ് 15 മുതൽ 22 ഫൈൻ ആർട്സ് കോളേജ് വളപ്പിലാണ് സംഘടിപ്പിക്കുന്നതെന്ന് ലളിതകല അക്കാഡമി ചെയർമാൻ നേമം പുഷ്പരാജ് വാർത്താ സമ്മേളനത്തിൽ അറിയിച്ചു. കേരളത്തിലെയും വിവിധ സംസ്ഥാനങ്ങളിലെയും വിദ്യാർഥികൾ പങ്കെടുക്കും. തിങ്കളാഴ്ച വൈകിട്ട് 5ന് സാംസ്കാരിക സെക്രട്ടറി റാണി ജോർജ് ക്യാമ്പ് ഉദ്ഘാടനം ചെയ്യും. ഫൈൻ ആർട്സ് കോളേജ് പ്രിൻസിപ്പൽ പ്രൊഫ. ടെൻസിംഗ് ജോസഫും വാർത്താസമ്മേളനത്തിൽ പങ്കെടുത്തു.

വൈ.എം.സി.എ കുടുംബ സംഗമം

തിരുവനന്തപുരം: വൈ. എം. സി.എ സംഘടിപ്പിച്ച കുടുംബ സംഗമവും പുതുവത്സരാഘോഷവും നടൻ സുധീർ കരമന സുധീർ ഉദ്ഘാടനം ചെയ്തു. 125 സിനിമകൾ പൂർത്തിയാക്കിയ സുധീർ കരമനയെ വൈ. എം. സി.എ ആദരിച്ചു. സംസ്ഥാന സിവിൽ സർവീസ് നീന്തൽ മത്സരത്തിൽ വ്യക്തിഗത ചാമ്പ്യനായ എൽ. വിനോദിന് ഉപഹാരം നൽകി. വൈ. എം. സി.എ പ്രസിഡന്റ് ബാബു കെ. മാത്യു, ജനറൽ പ്രോഗ്രാംസ് കമ്മിറ്റി ചെയർമാൻ ജെയിംസ് ജോസഫ്, ജനറൽ സെക്രട്ടറി ഷാജി ജെയിംസ് തുടങ്ങിയവർ സംസാരിച്ചു.

സ്പെഷ്യൽ ഒളിമ്പിക്സ് താരങ്ങൾക്ക് ആവേശമേകി കേന്ദ്രമന്ത്രിയും ഡി.ജി.പിയും

കേന്ദ്രമന്ത്രി അൽഫോൺസ് കണ്ണന്താനം കുട്ടികളോടൊപ്പം

കഴക്കൂട്ടം : അവശതകൾ മറന്ന് മത്സരങ്ങളിൽ പങ്കെടുത്ത ഭിന്നശേഷിക്കാരായ കായിക താരങ്ങൾക്ക് ആവേശം പകരാനും അഭിനന്ദിക്കാനും അവരോടൊപ്പം അല്പം ചെലവഴിക്കാനും കേന്ദ്രമന്ത്രി അൽഫോൺസ് കണ്ണന്താനവും ഡി.ജി.പി. ലോകനാഥ് ബഹറയും എൽ.എൻ.സി.പി. ഇയിൽ എത്തി.

ഇരുവരും ഭിന്നശേഷിക്കാരായ കുട്ടികളോടൊപ്പം ഫോട്ടോയെടുക്കാനും സമയം കണ്ടെത്തി. ഇരുവരും സ്റ്റേഡിയത്തിൽ നടന്ന പൊതുപരിപാടിയിൽ പങ്കെടുത്ത് സമ്മാനവിതരണവും ആശംസയർപ്പിച്ചുമാണ് മടങ്ങിയത്.

കൂടാതെ ദീർഘകാലം സ്പെഷ്യൽ സ്കൂളുകളിലെ വിദ്യാർത്ഥികളെ പരിപാലിക്കുന്നവർക്ക് പുരസ്കാരങ്ങളും മന്ത്രി നൽകി. ശാന്തിഗിരി ആശ്രമം ഓർഗനൈസിംഗ് സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാന തപസ്വി, എൽ. എൻ. സി. പി. ഇ പ്രിൻസിപ്പൽ ജി. കിഷോർ, സ്വസ്തി ഫൗണ്ടേഷൻ ജനറൽ സെക്രട്ടറി എബി ജോർജ്, ഭാരവാഹികളായ ഫാ. റോയി കണ്ണൻചിറ, ഫാ. റോയി വടക്കേൽ, ഫാ. തോമസ് ഫെലിക്സ്, എന്നിവർ പുരസ്കാര സമർപ്പണത്തിന് സാക്ഷ്യം വഹിച്ചു.

നാല്പതു വർഷത്തിലധികം സ്പെഷൽ സ്കൂൾ മേഖലയിൽ സേവനം അനുഷ്ഠിച്ചുവരുന്ന ഫാ. തോമസ് ഫെലിക്സ് സി.എം.ഐ, സിസ്റ്റർ എൽ. സി മേരി, സുശീല കുര്യച്ചൻ എന്നീ അധ്യാപകരാണ് കേന്ദ്രമന്ത്രിയിൽനിന്ന് ആദരവ് ഏറ്റുവാങ്ങുകയും ചെയ്തു

IEEE Kerala Section
ANNUAL
MEETING
തിരുവനന്തപുരം ഹോട്ടൽ അപ്പോളോ ഡിമോറയിൽ നടന്ന ചടങ്ങിൽ എൻജിനിയേഴ്സ് അസോസിയേഷന്റെ കെ. പി. പി നമ്പ്യാർ പുരസ്കാരം ഇ. ശ്രീധരന് സതീഷ് ബാബു സമ്മാനിക്കുന്നു. ഡോ. സുരേഷ് നായർ, വി.കെ. ദാമോദരൻ എന്നിവർ സമീപം

യുവാവിനെ കുത്തിപ്പരിക്കേൽപ്പിച്ച സംഭവം: പ്രതി അറസ്റ്റിൽ

കോവളം: മദ്യലഹരിയിലായിരുന്ന യുവാവിനെ കുത്തിപ്പരിക്കേല്പിച്ച സംഭവത്തിൽ ഒരാളെ കോവളം പൊലീസ് അറസ്റ്റ് ചെയ്തു. കോവളം കെ.എസ്. റോഡ് വേടർ കോളനിക്ക് സമീപം ചരുവിള വീട്ടിൽ അനിൽ (29) നെയാണ് അറസ്റ്റ് ചെയ്തത്. വിഴിഞ്ഞം ആവാടുതുറ കരുണാകര വിലാസത്തിൽ അഭിലാഷ് (35) നാണ് കുത്തേറ്റത്.

വ്യാഴാഴ്ച പുലർച്ചെ ഒരു മണിയോടെയാണ് സംഭവം. കോവളത്തെ ഒരു ബാറിന് സമീപത്ത് അഭിലാഷും അനിലും തമ്മിലുണ്ടായ വാക്കുതർക്കമാണ് കത്തിക്കുത്തിൽ കലാശിച്ചത്.

നെഞ്ചിൽ ആഴത്തിൽ കുത്തേറ്റ അഭിലാഷ് മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിലാണ്. അനിലും ഒപ്പമുണ്ടായിരുന്ന ഒരാളുമാണ് തന്നെ ആക്രമിച്ചതെന്ന അഭിലാഷിന്റെ മൊഴിയുടെ അടിസ്ഥാനത്തിലാണ് അറസ്റ്റ്. കൂട്ടാളിക്കായി തെരച്ചിൽ ആരംഭിച്ചതായി കോവളം എസ്.ഐ അജിത്കുമാർ പറഞ്ഞു.

സുധീർ കരമനയെ വൈ.എം.സി.എ പ്രസിഡന്റ് ബാബു കെ. മാത്യു പൊന്നാടയണിയിച്ച് ആദരിക്കുന്നു

യോഗത്തിൽ പങ്കെടുത്തില്ല

തിരുവനന്തപുരം: ഗാന്ധിനിന്ദ നടത്തിയ സംഭവത്തിൽ പ്രതിഷേധിച്ച് ഇന്ത്യൻ നാഷണൽ കോൺഗ്രസ് പട്ടം ബ്ലോക്ക് കമ്മിറ്റി നേതൃയോഗത്തിൽ നിന്ന് ഭൂരിഭാഗം ഭാരവാഹികളും വിട്ടുനിന്നു. 21 അംഗ കമ്മിറ്റിയിൽ ആകെ 6 ഭാരവാഹികൾ മാത്രമാണ് പങ്കെടുത്തത്.

നേരത്തെ പട്ടം ബ്ലോക്ക് കമ്മിറ്റിയുടെ നേതൃത്വത്തിൽ ഒരു വിഭാഗം ഭാരവാഹികൾ ഡിസംബർ 30ന് പേരൂർക്കടയിൽ ഗാന്ധിജിയുടെ രക്തസാക്ഷിദിനം ആചരിച്ചത് വിവാദമായിരുന്നു. ബ്ലോക്ക് പ്രസിഡന്റ് മണ്ണാമൂല രാജന്റെ നേതൃത്വത്തിലായിരുന്നു പരിപാടി നടത്തിയത്. ഗാന്ധിജിയുടെ രക്ഷസാക്ഷിദിനം തിരിച്ചറിയാത്ത ബ്ലോക്ക് പ്രസിഡന്റിനെതിരെ നേതൃത്വം നടപടി എടുക്കുന്നതു വരെ ബ്ലോക്ക് കമ്മറ്റിയുമായി സഹകരിക്കേണ്ട എന്നാണ് ഭൂരിപക്ഷം ബ്ലോക്ക് ഭാരവാഹികളുടെയും അഭിപ്രായം.

സഹപാഠിക്കൊരു സ്നേഹസഹായം

തിരുവനന്തപുരം: മണക്കാട് ഗവ. വി ആൻഡ് എച്ച്.എസ്.എസിലെ എൻ.എസ്.എസ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ സഹപാഠിക്കൊരു സ്നേഹസഹായം പദ്ധതിയുടെ ഭാഗമായി ബിസ്മിത എന്ന വിദ്യാർത്ഥിനിയുടെ ചികിത്സാ ചെലവിനായി 87000 രൂപ നൽകി. വിദ്യാർത്ഥികളിൽ നിന്നും അദ്ധ്യാപകരിൽ നിന്നും സമാഹരിച്ച തുക ശ്രീവരാഹം വാർഡ് കൗൺസിലർ മിനി. ആർ കൈമാറി. പ്രിൻസിപ്പൽ അജിത്കുമാർ, എൻ.എസ്. എസ് പ്രോഗ്രാം ഓഫീസർ ബിന്ദു. ബി തുടങ്ങിയവർ പങ്കെടുത്തു.

നീതിപീഠത്തിലും കേന്ദ്രത്തിന്റെ ഇടപെടൽ : രമേശ് ചെന്നിത്തല

തിരുവനന്തപുരം : രാജ്യത്തെ പരമോന്നത നീതിപീഠം പോലും കേന്ദ്രസർക്കാരിന്റെ ഇടപെടൽ മൂലം ആടിയുലയുകയാണെന്ന് പ്രതിപക്ഷനേതാവ് രമേശ് ചെന്നിത്തല കുറ്റപ്പെടുത്തി.

ഡി. സി. സി ഓഫീസിൽ ജില്ലാ കോൺഗ്രസ് നേതൃയോഗം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ജഡ്ജിമാരുടെ നിയമനത്തിലും സുപ്രീംകോടതിയിലെ കേസുകൾ കൈകാര്യം ചെയ്യുന്നതിലും ബി.ജെ.പിയുടെ ഇഷ്ടം അടിച്ചേല്പിക്കാൻ ശ്രമിക്കുന്നതിലുണ്ടായ എതിർപ്പാണ് ഇപ്പോഴത്തെ പൊട്ടിത്തെറിക്ക് അടിസ്ഥാനം. യു.ഡി.എഫിനെ തകർക്കാൻ ആർക്കും കഴിയില്ല പ്രതിസന്ധികളിൽ സഹായിച്ചവരെ മറന്ന് പുതിയ വഴിതേടുന്നവരെ യു. ഡി. എഫിന്റെ നഷ്ടമായി കാണേണ്ടതില്ലെന്നും ചെന്നിത്തല പറഞ്ഞു. യു. ഡി. എഫ് പടയൊരുക്കത്തിന്റെ ഭാഗമായി ശേഖരിച്ച ഒപ്പുകളടങ്ങിയ ബാനറുകൾ ഫെബ്രുവരി ഒന്നിന് തിരുവനന്തപുരം മുതൽ കൊല്ലംവരെ പ്രദർശിപ്പിക്കുന്നതിനെപ്പറ്റി കെ. പി. സി. സി വൈസ് പ്രസിഡന്റ് വി. ഡി. സതീശൻ എം. എൽ.എ സംസാരിച്ചു. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ജനവിരുദ്ധ നയങ്ങൾക്കെതിരെ 17ന് ബ്ലോക്ക് കോൺഗ്രസ് കമ്മിറ്റികളുടെ ആഭിമുഖ്യത്തിൽ സർക്കാർ ഓഫിസുകൾക്ക് മുന്നിൽ മുന്നിൽ ധർണ നടത്തും. ആര്യങ്കോട് പഞ്ചായത്തിലെ മൈലച്ചൽ വാർഡിലെ ഉപതിരഞ്ഞെടുപ്പിൽ വിജയിച്ച വി. വീരേന്ദ്രകുമാറിനെ യോഗത്തിൽ അഭിനന്ദിച്ചു. ഡി. സി. സി പ്രസിഡന്റ് നെയ്യാറ്റിൻകര സനൽ അദ്ധ്യക്ഷത വഹിച്ചു. വി. എസ്. ശിവകുമാർ എം. എൽ. എ, ടി. ശരത്ചന്ദ്രപ്രസാദ്, പാലോട് രവി, കെ.എസ്. ശബരീനാഥൻ എം. എൽ. എ, കരകുളം കൃഷ്ണപിള്ള തുടങ്ങിയവർ സംസാരിച്ചു.

അമ്മയെ ചുട്ടുകൊന്ന സംഭവം ഡി.എൻ.എ ഫലം വന്നു

പേരൂർക്കട : അമ്മയെ കൊലപ്പെടുത്തി കത്തിച്ച കേസിൽ മൃതദേഹത്തിന്റെ ഡി. എൻ.എ ഫലം വന്നു.

കഴിഞ്ഞ ക്രിസ്മസ് ദിനത്തിൽ പേരൂർക്കട അമ്പലംമുക്ക് മണ്ണടി ലെയിൻ ദ്വാരക വീട്ടിൽ ദീപയെയാണ് (50) മകൻ അക്ഷയ് (22) കൊലപ്പെടുത്തിയത്. തിങ്കളാഴ്ച ഡി.എൻ.എ റിപ്പോർട്ട് സ്റ്റേഷനിലെത്തിയതിന് ശേഷം മൃതദേഹം ബന്ധുക്കൾക്ക് വിട്ടുനൽകുമെന്ന് പേരൂർക്കട എസ്.ഐ വി. എം. ശ്രീകുമാർ പറഞ്ഞു.

എൻജിനിയറിംഗിന് തോറ്റ വിഷയങ്ങൾക്ക് ട്യൂഷന് പോകാൻ 18,000 രൂപ നൽകാത്തതും കുടുംബ പ്രശ്നങ്ങളെ തുടർന്നുണ്ടായ വാക്കുതർക്കങ്ങളുമാണ് ദീപയുടെ കൊലപാതകത്തിനിടയാക്കിയത്.

അച്ഛൻ പറഞ്ഞത് കേൾക്കാതെ അമ്മ എൽ. ഐ. സി അഡ്വൈസറായി തുടർന്നതും അമ്മയുടെ ജീവിതരീതിയിലെ സംശയവും അക്ഷയിനെ കൊലയ്ക്ക് പ്രേരിപ്പിച്ചു.

ഐ.എസ്.ആർ.ഒ.ചെയർമാൻ ആയി നിയമിക്കപ്പെട്ടതിന് ശേഷം തിരുവനന്തപുരത്ത് എത്തിയ വി.എസ്.എസ്.സി. ഡയറക്ടർ ഡോ.കെ. ശിവനെ വിമാനത്താവളത്തിൽ സഹപ്രവർത്തകരും സുഹൃത്തുക്കളും ചേർന്ന് സ്വീകരിക്കുന്നു

ഐ.എസ്.ആർ.ഒ കൂടുതൽ ജനകീയമാക്കും: ഡോ.ശിവൻ

തിരുവനന്തപുരം : സാധാരണക്കാരന് പ്രയോജനകരമാകുന്ന രീതിയിൽ ബഹിരാകാശ സാങ്കേതിക വിദ്യയിൽ കൂടുതൽ വികസനമുണ്ടാക്കുമെന്നും ജനകീയമാക്കുമെന്നും ഐ.എസ്.ആർ.ഒ നിയുക്ത ചെയർമാനും വി.എസ്.എസ്.സി ഡയറക്ടറുമായ ഡോ. കെ.ശിവൻ പറഞ്ഞു.

പി.എസ്.എൽ.വി സി 40-ന്റെ വിജയകരമായ വിക്ഷേപണത്തിന് ശേഷം ശ്രീഹരിക്കോട്ടയിൽ നിന്ന് തിരുവനന്തപുരത്ത് തിരിച്ചെത്തിയ ശേഷം മാദ്ധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഐ.എസ്.ആർ.ഒയുടെ വിജയത്തിന് കൂടുതൽ കരുത്തേകാൻ വലിയ ഉപഗ്രഹങ്ങളുടെ വിക്ഷേപണത്തിന് കഴിയുന്ന തരത്തിലുള്ള വികസനമാണ് സ്വപ്നം കാണുന്നത്.

അതിനായി നിലവിലുള്ള ഗവേഷണ വികസന പ്രവർത്തനങ്ങൾ ഉന്നത നിലവാരത്തിലെത്തേണ്ടതുണ്ട്. ഇതിനുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുമെന്നും കെ.ശിവൻ പറഞ്ഞു.

വിമാനത്താവളത്തിലെത്തിയ അദ്ദേഹത്തെ വി.എസ്.എസ്.സി ജീവനക്കാരുടെ സംഘടനകളുടെ നേതൃത്വത്തിൽ സ്വീകരിച്ചു. മുതിർന്ന ഉദ്യോഗസ്ഥരും കെ.ശിവന്റെ നാട്ടിൽ നിന്നുള്ളവരും വിമാനത്താവളത്തിലെത്തിയിരുന്നു.

ജില്ലാ ക്ഷീര കർഷക സംഗമം സംഘടിപ്പിച്ചു

തിരുവനന്തപുരം : ഗ്രാമതല ക്ഷീരസംരംഭക വികസന പരിപാടിയുടെ ഭാഗമായി ജില്ലാ ക്ഷീര കർഷക സംഗമം സംഘടിപ്പിച്ചു. മിൽമ തിരുവനന്തപുരം മേഖലാ യൂണിയൻ ചെയർമാൻ കല്ലട രമേശ് ഉദ്ഘാടനം ചെയ്തു. ഭരണസമിതി അംഗം എസ്. അയ്യപ്പൻ നായർ അദ്ധ്യക്ഷത വഹിച്ചു. 25 വർഷം പൂർത്തിയാക്കിയ ക്ഷീര കർഷക സംഘം പ്രസിഡന്റുമാരെ ചടങ്ങിൽ ആദരിച്ചു. ഭരണസമിതി അംഗം ഗിരീഷ്കുമാർ, മാനേജിംഗ് ഡയറക്ടർ കെ.ആർ.സുരേഷ്ചന്ദ്രൻ സീനിയർ മാനേജർ ടി. ശ്രീനിവാസ്, മാനേജർമാരായ ഡോ. പി.മുരളി, ഡോ.കെ.ആർ.കെ.സാമുവേൽ, കെ. ആർ. അംബികാദേവി എന്നിവർ സംസാരിച്ചു.

ലാറ്റക്സ്: തൊഴിലാളികളെ അണിനിരത്തുമെന്ന് എളമരം കരീം

പേരൂർക്കട: അമ്പത് വർഷമായി രാജ്യത്ത് ലാഭം മാത്രം നൽകുന്ന പൊതുമേഖല സ്ഥാപനമായ ഹിന്ദുസ്ഥാൻ ലാറ്റക്സിനെ സ്വകാര്യവത്ക്കരിക്കാനുള്ള നീക്കം ചെറുക്കാൻ എല്ലാവിഭാഗം തൊഴിലാളികളെയും അണിനിരത്തി സമരം ശക്തിപ്പെടുത്തുമെന്ന് സി.ഐ.ടി.യു സംസ്ഥാന ജനറൽ സെക്രട്ടറി എളമരം കരീം പറഞ്ഞു. എച്ച്.എൽ.എൽ.സ്വകാര്യ വത്കരിക്കാനുള്ള കേന്ദ്ര സർക്കാരിന്റെ നീക്കത്തിനെതിരെ സംയുക്ത ട്രേഡ് യൂണിയനുകളുടെ നേതൃത്വത്തിൽ നടക്കുന്ന അനിശ്ചിതകാല സത്യാഗ്രഹത്തിന്റെ 26-ാം ദിവസത്തെ സമരം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കൊടിക്കുന്നിൽ സുരേഷ് എം. പി. സമരത്തെ അഭിവാദ്യം ചെയ്ത് സംസാരിച്ചു. വി.ശിവൻകുട്ടി, സി.ജയൻബാബു, പട്ടം വാമദേവൻ, കെ.എസ്. സുനിൽകുമാർ തുടങ്ങിയവർ പങ്കെടുത്തു.

KERALA KAUMUDI classifieds
കേരളകൗമുദി ക്ലാസിഫൈഡ്സ്
better choice.... faster response

വില്പനയ്ക്ക്

ആറ്റിങ്ങൽ ചെമ്പൂര് 30 സെന്റ് (5, 10). പ്ലോട്ടുകളായും മൊത്തമായും. ലോറി സൈറ്റ്, കരഭൂമി.
9946099394.

ആലംകോട് ഗുരുനാഗപ്പൻ കാവിന് സമീപം 2 വശവും റോഡുള്ള 9 സെന്റ് വസ്തു വില്പനയ്ക്ക്.
Mobile : 9074079110.

തിരുവനന്തപുരം മൺവിള കെൽട്രോൺ ജംഗ്ഷനിൽ ടെക്നോപാർക്കിന് സമീപത്തായി 23 സെന്റ് വസ്തുവും വീടും.
9447205893,
9447049754.

കുണ്ടമൺകടവ് ശങ്കരനാരായണൻ റോഡിൽ ഒരേക്കർ സ്ഥലം മൊത്തമായോ പ്ലോട്ടുകളായോ വില്പനയ്ക്ക്.
8593012255.

5 സെന്റ് വില്പനയ്ക്ക്. നെയ്യാറ്റിൻകര മരുതത്തൂർ തേവിയിൽ ജംഗ്ഷനടുത്ത്.
9656093150.

1.00 acre commercial property near Vizhinjam Harbour project, Trivandrum.
9995090425.

കടയ്ക്കാവൂർ ആയാന്റവിള ക്ഷേത്രത്തിന് സമീപം 8½ സെന്റ് കരഭൂമി വില്പനയ്ക്ക്.
9349375042.

7 cents residential plot 1.5 km from A.J Hospital, Kazhakoottam.
9995090425.

കഴക്കൂട്ടം ടെക്നോപാർക്കിൽ നിന്ന് 5 km - കഴക്കൂട്ടം, പോത്തൻകോട് ബൈപാസ്സിനും കാര്യവട്ടത്തിനും ഇടയ്ക്ക് റോഡ് ഫ്രണ്ടേജുള്ള 8¼ സെന്റ് സ്ഥലം ഉടൻ വില്പനയ്ക്ക്.
9895364879

ആറ്റിങ്ങൽ ഒറ്റൂർ ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിന് സമീപം 14 cent ടാർ റോഡുള്ള കരപുരയിടം.
8129959695, 9995890161.

ആറ്റിങ്ങൽ പൂവണത്തുംമൂട്ടിൽ നിന്ന് 300 മീറ്റർ, 1250 Sq.ft. പുതിയ ഒരുനില വീട്.
9846632944

ഇളമ്പ മെയിൻ റോഡിൽ 500 മീറ്റർ 9 സെന്റ് ഹൗസ് പ്ലോട്ട്. സെന്റ് - 1,25,000/-. 9846632944

ആറ്റിങ്ങൽ അവനവഞ്ചേരി IOB-യ്ക്ക് സമീപം. 7¼ സെന്റ് ഹൗസ് പ്ലോട്ട്.
9447249661, 9447936794.

തിരുവനന്തപുരം കഴക്കൂട്ടം മംഗലപുരം ടെക്നോസിറ്റിയിൽ നിന്ന് ഒരു കിലോമീറ്ററും NH-ൽ നിന്ന് 2 കിലോമീറ്ററും മാറി പോത്തൻകോട് റോഡിൽ ടാറിട്ട റോഡ് ഫ്രണ്ടേജുള്ള 4, 5, 7, 10, 20 സെന്റുള്ള ഹൗസ് പ്ലോട്ടുകൾ.
9847436666

കോട്ടയ്ക്കകം കൊത്തളം റോഡിൽ നാലര സെന്റും വീടും വില്പനയ്ക്ക്.
Phone : 9495521823

ആറ്റിങ്ങൽ അമർ ഹോസ്പിറ്റലിന് സമീപം housing Plot-കൾ വില്പനയ്ക്ക്.
8075154288

ആറ്റിങ്ങൽ വാളക്കാട് Jn. 8 സെന്റ് - 16 ലക്ഷം.
9846668004

വർക്കല 14, 21 സെന്റ് (റെയിൽവേ സ്റ്റേഷനടുത്ത്) വില്പനയ്ക്ക്. Brokers Excuse.
9495381312

വർക്കല ശ്രീനാരായണ മെഡിക്കൽ മിഷൻ ആശുപത്രിക്ക് മുന്നിൽ 5.5 മീറ്റർ റോഡ് ഫ്രണ്ടേജ് 13 മീറ്റർ നീളം, കടമുറിക്ക് അനുയോജ്യമായ സ്ഥലം വില്പനയ്ക്ക്.
9746114301

ആലപ്പുഴ കോമളപുരം കായൽറോഡിൽ 4500 Sq. feet ഇരുനില കെട്ടിടം 11 1/2 സെന്റ് സ്ഥലം വിൽപ്പനയ്ക്ക് ബ്രോക്കേഴ്സിന് ബന്ധപ്പെടാം: ആയുർവേദ Homestay ക്ക് അനുയോജ്യം.
8078812481, 9400464632

SALE OR LEASE
Jagathy Junction 28 cent Commercial Plot.
9745552137

വില്പനയ്ക്ക്
തിരുവനന്തപുരം പേട്ട ജംഗ്ഷനും ചാക്ക ബൈപാസ്സിനും ഇടയിൽ പുത്തൻ റോഡിൽ ബോധി സ്കൂൾ കഴിഞ്ഞ് വലിയവീട് ലെയ്നിൽ സ്കൂട്ടർ വഴിയുള്ള പുതുക്കിപ്പണിത 1 BHK ടെറസ് വീടും 3 സെന്റ് പുരയിടവും. പ്രതീക്ഷിക്കുന്ന വില 30 ലക്ഷം. Brokers ക്ഷമിക്കുക.
9383440190, 9495547190.

ചന്തവിളയിൽ 60 സെന്റ്
കഴക്കൂട്ടം : വെട്ടുറോഡ് - പോത്തൻകോട് റോഡിന് 300m മാറി റോഡിനോട് ചേർന്ന് 60 സെന്റ് വസ്തു ഒന്നായോ 4, 5, 6, 9 സെന്റ് വീതമുള്ള പ്ലോട്ടുകളായോ വിൽപ്പനക്ക്. ഒന്നിച്ചാണെങ്കിൽ സെന്റിന് 5.25 ലക്ഷം, പ്ലോട്ടുകൾ ആയിട്ട് 5.75 ലക്ഷം വീതം പ്രതീക്ഷിക്കുന്നു.
താൽപ്പര്യമുള്ളവർ വിളിക്കുക
9567908259, 8589095751

നഷ്ടപ്പെട്ടു
എന്റെ മാരുതി ആൾട്ടോയുടെ (നമ്പർ KL 16 N 4917) ആർ.സി. ബുക്ക് കൈമോശം വന്നു. ഡ്യൂപ്ലിക്കേറ്റ് എടുക്കുന്നതിൽ ആക്ഷേപമുള്ളവർ 15 ദിവസത്തിനകം ആറ്റിങ്ങൽ ആർ. ടി. ഒ. യിൽ ബന്ധപ്പെടണം.
B.T. Padmaja, 9846412511.

ആവശ്യമുണ്ട്
DTP, ഫോട്ടോസ്റ്റാറ്റ് എന്നീ വർക്കിന് ആളിനെ ആവശ്യമുണ്ട്.
Phone No. 9744156523
മെഡിക്കൽ കോളേജ്.

URGENTLY REQUIRED
Central Govt. approved India's leading Financial Company requires for its Trivandrum Branch.
ASSOCIATE MANAGER
Age : 40 to 65
Package : 30,000 മുതൽ + Benefits
Qualification : Pre-Degree/Degree & above.
FINANCIAL PLANNER
Age : 22 & above
Package : 20,000 മുതൽ & Benefits
Qualification : SSLC & above
Preferred: Retired/VRS/EX-NRI/HOUSE WIVES/BUSINESS PERSONS.
8547011035, 7907767824

ഉടൻ നിയമനം
റിട്ടയർ ചെയ്തവർക്ക്
താങ്കൾ Retired / VRS / Ex - NRI ആണെങ്കിൽ താങ്കൾക്ക് ഇന്ത്യയിലെ പ്രമുഖ ധനകാര്യ സ്ഥാപനത്തിലേയ്ക്ക് സ്വാഗതം.
മാനേജർ
പ്രായം : 40 മുതൽ 65 വയസ്സുവരെ
പാക്കേജ് : 30,000 മുതൽ
പൊതുവിഭാഗത്തിലേക്ക്
ടീം ലീഡർ
പ്രായം : 22 മുതൽ
പാക്കേജ് : 20,000 മുതൽ
(ഫുൾടൈം & പാർട്ട് ടൈം)
98466 48490, 88487 90757

വാടകയ്ക്ക്

തിരുവനന്തപുരം പേട്ട മൂന്നാം മനയ്ക്കൽ 3 ബെഡ്റൂമുള്ള വീടിന്റെ ഒന്നാംനില.
Phone : 9895045884,
9895580550.

തിരുമല ആലപ്പുറം റോഡരുകിൽ രണ്ടു കിടക്കമുറിയുള്ള ഒന്നാംനില. കാർ പാർക്ക് സഹിതം.
Phone : 8281585584,
0471 - 2727146.

കുമാരപുരം 2 BHK വീട്, സ്കൂട്ടർവഴി. 7500/-.
Mobile : 8078928637

WANTED BUSINESS INVESTORS
Well-equipped furniture manufacturing company with building area of 14,000 Sq.ft. located in Kazhakuttom is looking for business investment partners for taking over the operations and further expansions. Those having sound financial background and are willing to invest can Contact Rukiya Building, Opp. Govt. Press, Near Secretariat, Statue, Trivandrum.
Mobile : 9847504910

ആവശ്യമുണ്ട്
KSFE-യിൽ മുടങ്ങിയ ചിട്ടികൾ എടുക്കുവാൻ (വിളിച്ചെടുക്കുവാൻ സാധിക്കുന്നത്) താൽപര്യം ഉള്ളവർ ബന്ധപ്പെടുക.
9526753972

ചികിത്സ
ത്വക്‌രോഗികൾ ശ്രദ്ധിക്കുക! ഡോ.കെ. സുഭാഷ്, കല്പദ്രുമം ഹോസ്പിറ്റൽ, ത്വക്‌രോഗ ചികിത്സാകേന്ദ്രം, ഇടപ്പഴിഞ്ഞി, തിരുവനന്തപുരം-14
Phone : 2321289, 2326569.

ഗുരുസ്മരണ

ഗുരുകൃപയാൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിൽ പ്രണാമം.
ശ്രീദേവി.

CHANGE OF NAME
സുജിത്ര .എസ്.എം, വിളയിൽ വീട്, മുടപുരം എന്ന എന്റെ പേരിലെ 'എസ്' എന്നതിന്റെ പൂർണ്ണരൂപം പാസ്പോർട്ടിലുള്ള സന്തോഷിൽ നിന്നും SSLC സർട്ടിഫിക്കറ്റിലുള്ള തുപോലെ സുഗതൻ എന്ന് മാറ്റുന്നതായിട്ട് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

NOTICE
I lost the following Certificates of mine. If anyone find them please return them to me.
1) ISC (12th) Pass Certificate issued by CISCE, New Delhi bearing Index No. B/8039/043 (March 2011), St. Thomas Residential School, Thiruvananthapuram.
2) B.Tech Grade Cards - 1st Semester to 7th Semester issued by National Institute of Technology, Calicut bearing Roll No. B110114CS - (July 2011 - March 2015).
SHARANYA MAHADEVAN
9400331878.